**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**(A Statutory Institution constituted by Government of Kerala)**

**RE-ACCREDITED BY NAAC WITH 'A+' GRADE**

ERNAKULAM, KERALA – 683 574

Phone : 0484-2463380

e-mail : reg@ssus.ac.in

**വിദ്യാർത്ഥി സേവന വിഭാഗം**

---

**"Life Cycle Project" – കാലടി മുഖ്യകേന്ദ്രത്തിലെ സൈക്കിൾ വിതരണം, പരിപാലനം എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (ഫയൽ നം. SSC/15030/SSUS/2022)**

1. "Life Cycle Project" മായി ബന്ധപ്പെട്ട് സർവകലാശാലയിലെ 50 സൈക്കിളുകൾ സൂക്ഷിച്ചിരിക്കുന്നത് സർവകലാശാല യൂട്ടിലിറ്റി സെന്ററിനോടു ചേർന്നുള്ള bike shed ന് സമീപത്താണ്. സൈക്കിൾ വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യുന്നതും അതേ point ൽ നിന്നായിരിക്കും.
2. 1)Day Scholar/ഹോസ്റ്റൽ അന്തേവാസികളായ വിദ്യാർത്ഥികൾ സൈക്കിൾ അനുവദിച്ചു കിട്ടുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ അതാതു വകുപ്പു മേധാവിയുടെ ശിപാർശയോടെ ഡി.എസ്.എസ് ന് സമർപ്പിക്കേണ്ടതാണ്.

   2)സൈക്കിൾ ലഭിക്കുന്നതിന് വിദ്യാർത്ഥികൾ അപേക്ഷയിലും ഡിക്ലറേഷൻ ഉൾപ്പെടുത്തിയ നിയമാവലിക്കു താഴെയും നിർബന്ധമായും ഒപ്പിടേണ്ടതാണ്.

   3)അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ attested copy സമർപ്പിക്കേണ്ടതാണ്.

   4) അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വിദ്യാർത്ഥി ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഡി.എസ്.എസ് ഉറപ്പു വരുത്തേണ്ടതാണ്.

   5) സൈക്കിളുകളുടെ allotment അതാതു ദിവസത്തെ ലഭ്യതയനുസരിച്ചു മാത്രമായിരിക്കും.

3. സൈക്കിൾ കൈപ്പറ്റിയ ശേഷമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ തുക ബന്ധപ്പെട്ട വിദ്യാർത്ഥിയിൽ നിന്നും ഈടാക്കുന്നതാണ്.
4. അതാതു ദിവസം ലഭ്യമായ സൈക്കിളുകളുടെ 40% ഹോസ്റ്റൽ അന്തേവാസികൾക്കുള്ളതാണ്.
5. സർവകലാശാലയ്ക്കു പുറത്തേക്ക് യാതൊരു കാരണവശാലും സൈക്കിളുകൾ കൊണ്ടു പോകുവാൻ പാടുള്ളതല്ല.
6. വിദ്യാർത്ഥികൾ സൈക്കിൾ കൈവശം വയ്ക്കേണ്ട സമയം താഴെ നിശ്ചയിച്ച പ്രകാരമാണ്.

| | |
|---|---|
| ഡേ സ്കോളർ | രാവിലെ 9 മുതൽ വൈകിട്ട് 5 വരെ |
| ഹോസ്റ്റൽ അന്തേവാസികൾ | 48 മണിക്കൂർ (തുടർച്ചയായി 2 ദിവസം വരെ) |

7. സൈക്കിൾ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, സൈക്കിൾ അനുവദിച്ച ശേഷം തിരികെ നൽകുന്നതിൽ, വീഴ്ച വരുത്തുന്ന വിദ്യാർത്ഥികളിൽ നിന്നും താഴെ വിവരിക്കും വിധം പിഴ ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | കാലതാമസം (മണിക്കൂറിൽ) | ഈടാക്കേണ്ട പിഴ |
|---|---|---|
| 1. | ഒരു മണിക്കൂർ വരെ | 5 |
| 2. | 1 മുതൽ 3 മണിക്കൂർ വരെ | 10 |
| 3. | 3 മുതൽ 6 മണിക്കൂർ വരെ | 15 |
| 4. | 6 മുതൽ 9 മണിക്കൂർ വരെ | 20 |
| 5. | 9 മുതൽ 12 മണിക്കൂർ വരെ | 25 |
| 6. | 12 മണിക്കൂറിനു മുകളിൽ | 50 |

തുടർന്നു വരുന്ന അധിക മണിക്കൂറുകൾക്ക് (12 മണിക്കൂർ വരെ) 50 രൂപ നിരക്കിൽ പിഴ ഒടുക്കേണ്ടതാണ്.

8. സർവകലാശാല മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് വിദ്യാർത്ഥികൾ സൈക്കിൾ പുറത്തേയ്ക്കു കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്ക് യാതൊരു കാരണവശാലും തുടർന്ന് സൈക്കിൾ അനുവദിക്കുന്നതല്ല. സൈക്കിൾ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ അത് സുരക്ഷിതമായി തിരിച്ചേൽപ്പിക്കേണ്ടതാണ്.

**വിദ്യാർത്ഥിയുടെ ഒപ്പ്:**

**പേര്:**

**അഡ്മിഷൻ നം:**